# ‘മിത്ത്’ വിവാദത്തിൽ
# സർക്കാർ നിലപാട് വ്യക്തമാക്കണം

“പ്ലാസ്റ്റിക് സർജറി മെഡിക്കൽ സയൻസിലെ ഒരു പുതിയ കണ്ടുപിടിത്തമാണ്. ഇവിടെ പഠിപ്പിക്കാൻ നോക്കുന്നത് പ്ലാസ്റ്റിക് സർജറി പണ്ടേയുള്ളതാണ് - ഹിന്ദുത്വകാലത്തേയുള്ളതാണ്. Who was the first Plastic Surgery baby? ഉത്തരം മനുഷ്യന്റെ ശരീരവും ആനയുടെ മുഖവുമുള്ള ഗണപതിയാണ്. ഇങ്ങനെ ശാസ്ത്രത്തിന്റെ സ്ഥാനത്ത് മിത്തുകളെ പ്രോത്സാഹിപ്പിക്കുന്നു. ഇവിടെ സയൻസിനെ പ്രമോട്ട് ചെയ്യാൻ സാധിക്കണം. മതനിരപേക്ഷതയ്ക്ക് ആയിരിക്കണം ഊന്നൽ കൊടുക്കേണ്ടത്.” എന്നിങ്ങനെ ഹൈന്ദവരുടെ ആരാധനാമൂർത്തിയായ ഗണപതിഭഗവാനെ സംബന്ധിച്ച് നിയമസഭാസ്പീക്കർ ഷംസീറിന്റെ തെറ്റായ പരാമർശങ്ങളാണ് വിവാദത്തിന് ഇടയാക്കിയത്. ഇതിനെതിരെയാണ് എൻ.എസ്.എസ്. പ്രതികരിച്ചത്.

നിയമസഭാസ്പീക്കർ എന്ന നിലയിൽ തൽസ്ഥാനത്ത് തുടരാൻ അദ്ദേഹത്തിന് അർഹതയില്ല, വിശ്വാസികളുടെ വികാരത്തെ വ്രണപ്പെടുത്തുംവിധം നടത്തിയ പ്രസ്തുത പരാമർശങ്ങൾ പിൻവലിച്ച് അവരോട് മാപ്പുപറയണം, അല്ലാത്തപക്ഷം സംസ്ഥാന ഗവണ്മെന്റ് സ്പീക്കർക്കെതിരെ യുക്തമായ നടപടി സ്വീകരിക്കണം എന്നീ ആവശ്യങ്ങളാണ് എൻ.എസ്.എസ്. ഉന്നയിച്ചിരുന്നത്.

എന്നാൽ ഇതു സംബന്ധിച്ച്, ഈ വിഷയത്തിൽ ഷംസീർ മാപ്പുപറയാനും തിരുത്തിപ്പറയാനും ഉദ്ദേശിക്കുന്നില്ല, തിരുത്തേണ്ട ഒരു കാര്യവും ഇതിലില്ല എന്ന പ്രതികരണമാണ് സി.പി.എം. സംസ്ഥാനസെക്രട്ടറിയിൽനിന്നും ഉണ്ടായത്. പാർട്ടിസെക്രട്ടറിയുടെ അഭിപ്രായമായി മാത്രമേ ഇതിനെ വിശ്വാസികൾ കാണുന്നുള്ളൂ. പ്രസ്തുത വിഷയത്തിൽ സ്പീക്കറുടെ വിശദീകരണവും വെറും ഉരുണ്ടുകളി മാത്രമായിരുന്നു. ഈ പ്രതികരണങ്ങളൊന്നും വിശ്വാസികളുടെ വേദനയ്ക്ക് പരിഹാരമാകുന്നില്ല.

അതിനാൽ, ഈശ്വരവിശ്വാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 2-ാം തീയതി ബുധനാഴ്ച വിശ്വാസസംരക്ഷണദിനമായി ആചരിക്കുവാൻ എൻ.എസ്.എസ്. തീരുമാനിക്കുകയും സംസ്ഥാനവ്യാപകമായി അത് സമാധാനപരമായി ആചരിക്കുകയും ചെയ്തു. അന്നേദിവസം എൻ.എസ്.എസ്. പ്രവർത്തകരും വിശ്വാസികളുമായിട്ടുള്ളവർ രാവിലെതന്നെ അവരവരുടെ വീടിനടുത്തുള്ള ഗണപതിക്ഷേത്രത്തിൽ എത്തി വഴിപാടുകൾ നടത്തുകയും വിശ്വാസസംരക്ഷണത്തിന് അനുഗ്രഹം ഉണ്ടാകണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യാനാണ് ആഹ്വാനം ചെയ്തിരുന്നത്. ഇതിന്റെ പേരിൽ പ്രകോപനപരവും മതവിദ്വേഷജനകവുമായ യാതൊരു നടപടിയും ഉണ്ടാകുവാൻ പാടില്ല എന്ന് പ്രത്യേകം നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.

വിശ്വാസസംരക്ഷണദിനം ആചരിച്ചതിന്റെ ഭാഗമായി തിരുവനന്തപുരത്ത് എൻ.എസ്.എസ്. താലൂക്ക് യൂണിയന്റെ അഭിമുഖ്യത്തിൽ സമാധാനപരമായി നടത്തിയ നാമജപഘോഷയാത്രക്ക് നേതൃത്വം നല്കിയ യൂണിയൻ പ്രസിഡന്റും എൻ.എസ്.എസ്. വൈസ് പ്രസിഡന്റുമായ എം. സംഗീത്കുമാറിനും അതിൽ പങ്കെടുത്ത കണ്ടാലറിയാവുന്ന ആയിരത്തിലധികം എൻ.എസ്.എസ്. പ്രവർത്തകർക്കും എതിരെ അന്യായമായി സംഘം ചേർന്നു, ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തിന് അസൗകര്യം സൃഷ്ടിച്ചു തുടങ്ങിയ കാരണങ്ങൾ കാണിച്ച് കന്റോൺമെന്റ് പോലീസ് കേസ് എടുക്കുകയാണ് ചെയ്തത്.

നിയമപരമായി നിലനില്ക്കാത്ത പ്രസ്തുത കേസ് റദ്ദുചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരളാഹൈക്കോടതിമുമ്പാകെ എൻ.എസ്.എസ്. വൈസ് പ്രസിഡന്റ് സംഗീത്കുമാർ വാദിയായിക്കൊണ്ട് ഹർജി ഫയൽ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കേസ് നാല് ആഴ്ചത്തേക്ക് കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

സ്പീക്കറുടെ വിവാദപരാമർശങ്ങളെ സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ഇതുവരെ ഉണ്ടായിട്ടില്ല. ഇതിൽ ശക്തമായ പ്രതിഷേധമുണ്ട്. പ്രശ്നം കൂടുതൽ വഷളാക്കാതെ, സർക്കാർ ഇക്കാര്യത്തിൽ ഉടനടി നടപടിയെടുക്കാത്തപക്ഷം പ്രശ്നപരിഹാരത്തിന് നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിക്കാനും വിശ്വാസസംരക്ഷണത്തിനുവേണ്ടി ഉറച്ചുനില്ക്കാനുമാണ് എൻ.എസ്.എസ്. തീരുമാനിച്ചിരിക്കുന്നത്.